# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### മംഗളവാർത്തക്കാലം : രണ്ടാം ഞായർ
### ലൂക്കാ 1,26–38

"അശ്രീകരത്തെ ഐശ്വര്യമാക്കാനും
അസഹ്യപ്പെടുത്തുന്നവയെ മംഗളകരമാക്കാനും
മറിയം പഠിപ്പിക്കുന്നത്
ദൈവഹിതത്തിന് കീഴ്‌വഴങ്ങാൻ പറഞ്ഞുകൊണ്ടാണ്!"

ജപമാലയിൽ സന്തോഷത്തിന്റെ ഒന്നാം ദിവ്യരഹസ്യത്തിൽ നാം ജപിക്കുന്ന പ്രാർത്ഥന ഇപ്രകാരമാണ്, "നമ്മുടെ കർത്താവീശോമിശിഹായെ ഗർഭം ധരിക്കുമെന്ന മംഗളവാർത്ത ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചു എന്നതിൻമേൽ ധ്യാനിക്കാം..." തീർച്ചയായും, ഈശോയുടെ ജനനം ലോകത്തിന് മുഴുവൻ ആനന്ദം സമ്മാനിക്കുന്ന സന്തോഷകരമായ വാർത്തയാണ്. പക്ഷെ, മറിയത്തെ സംബന്ധിച്ചിടത്തോളം ഒട്ടും സന്തോഷകരമായ വാർത്തയല്ല അത്. കാരണം, കേവലം പതിമൂന്ന് വയസ് മാത്രം പ്രായമുള്ള പെൺകുട്ടി, ദേവാലയത്തിൽ അന്തിയുറങ്ങിയവൾ, വിവാഹനിശ്ചയം കഴിഞ്ഞ പെൺകുട്ടി ഗർഭിണിയായിരിക്കുന്നു. കേൾക്കുന്നവർ ഒരിക്കലും വിശ്വസിക്കാൻ പോകുന്നില്ല, മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആണെന്ന്. കാരണം, ചരിത്രത്തിൽ ഇതിന് മുമ്പ് ഇപ്രകാരം സംഭവിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഗബ്രിയേൽ ദൂതന്റെ വാർത്ത ഒരിക്കലും മറിയത്തിന് ശുഭകരമായ, സന്തോഷകരമായ വാർത്തയല്ല!

> തന്റെ ജീവിതത്തെ കീഴ്മേൽ മറിക്കുന്ന സങ്കടത്തെ മറിയം ഐശ്വര്യമാക്കി മാറ്റിയത് ദൈവിക പദ്ധതിക്ക് മുമ്പിൽ ശിരസ് നമിച്ചുകൊണ്ടാണ്. സങ്കടങ്ങളെ സന്തോഷമാക്കി മാറ്റാനുള്ള മാർഗ്ഗവും ഇത് തന്നെയാണ്!

പക്ഷെ, മറിയത്തിന്റെ മഹത്വം ഇവിടെയാണ് വെളിവാകുന്നത്. അശ്രീകരം എന്ന് പറഞ്ഞ് മാറ്റിനിർത്താമായിരുന്ന വാർത്തയെ മറിയം മംഗളകരമായി മാറ്റുന്നു. 'അമംഗളകരമായ' വാർത്തയെ മറിയം 'മംഗളകരമാക്കി' മാറ്റുന്നത് ദൈവീകപദ്ധതിക്ക് സ്വയം സമർപ്പിച്ച് കൊണ്ടാണ്. ഗബ്രിയേൽ ദൂതൻ ലോകത്തിന് മുഴുവൻ മംഗളകരമായ വാർത്ത സമ്മാനിക്കുമ്പോൾ തന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളും നൊമ്പരങ്ങളും വേദനകളും ഓർക്കാതെ ദൈവിക പദ്ധതിക്ക് 'യെസ്' മൂളുകയാണ്. സമർപ്പണത്തിന്റെ ഏറ്റവും വലിയ മാതൃക!

"മറിയം പറഞ്ഞു: ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38).

മറിയം മാതൃകയായി നിൽക്കുമ്പോൾ ഈ മാതൃകയെ അനുകരിക്കാൻ സാധിക്കാത്ത മനുഷ്യഹൃദയങ്ങളുടെ എണ്ണം കൂടുന്നുണ്ടെങ്കിൽ അതിനുള്ള കാരണം മറിയം പറഞ്ഞതുപോലെ, ചെയ്യുന്നതുപോലെ ദൈവീകപദ്ധതിക്ക് സ്വയം സമർപ്പിക്കാൻ സാധിക്കാത്തത് കൊണ്ടാണ്. ഒരിക്കൽ രണ്ടു ചങ്ങാതിമാർ ഒരു യാത്ര പോകുകയായിരുന്നു, ഒരു നീ യാത്ര. യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു കുഞ്ഞു പിണക്കമുണ്ടായി. ദേഷ്യം സഹിക്കവയാതെ ഒന്നാമൻ രണ്ടാമനെ ഒന്ന് തല്ലി. സങ്കടത്തോട് രണ്ടാമൻ നിലത്തു കുത്തിയിരുന്നു മണലിൽ ഇങ്ങനെ എഴുതി,

"എന്റെ ചങ്ങാതി എന്നെ തല്ലി!"

അവർ പിന്നെയും യാത്ര തുടർന്നു. അവർ മലവെള്ളപ്പാച്ചിലിൽ കരകവിഞ്ഞൊഴുകുന്ന, ഒരു പുഴയുടെ കരയിലെത്തി. പെട്ടെന്ന് രണ്ടാമൻ അതിലേക്കു കാലു വഴുതി വീണു.. ഒന്നാമൻ തന്റെ സുഹൃത്തിനെ സാഹസീകമായി പുഴയിൽ ചാടി സുഹൃത്തിനെ രക്ഷിച്ചു. കരയിലെത്തിയ രണ്ടാമൻ, തന്റെ ഭാണ്ഡത്തിൽ നിന്നും ഉളിയെടുത്തു അടുത്തുള്ള വലിയ പാറയിൽ കൊത്തി എഴുതി.

"എന്റെ ചെങ്ങാതി എന്റെ ജീവൻ രക്ഷിച്ചു!"

ഇത് കണ്ട ഒന്നാമൻ ചോദിച്ചു;

"ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ മണലിലെഴുതി, നിന്നെ സഹായിച്ചപ്പോൾ ശിലയിൽ കൊത്തി. അത് എന്തുകൊണ്ടാണ്?"

ഇത് കേട്ട രണ്ടാമൻ പുഞ്ചിരിച്ചുക്കൊണ്ട് ഇപ്രകാരം മറുപടി പറഞ്ഞു;

"നീ എന്നെ വേദനിപ്പിച്ചത് മണ്ണിലെ എഴുതാവു... കാരണം, ഒരു ചെറുകാറ്റിൽ അത് മാഞ്ഞു പോകണം. അതിന്റെ ആയുസ്സ് ഒരു നിമിഷത്തെക്കു മാത്രമെ ഉണ്ടാകാൻ പാടുള്ളു. എന്നാൽ, നീ എന്നെ സഹായിച്ചത് ശിലയിൽ എഴുതണം. അത് എന്നും നിലനില്ക്കണം. എന്റെ ജീവൻ പോയാലും ഈ ഭൂമിയിൽ ചരിത്രമായി അത് അവശേഷിക്കണം!"

**ഗബ്രിയേൽ ദൂതൻ മറിയത്തിന് നൽകുന്ന ആറ് വിശേഷണങ്ങൾ ക്രിസ്തീയ വ്യക്തിത്വത്തിന്റെ മുഖമുദ്ര തന്നെയാണ്!**

സമർപ്പണങ്ങൾ എവിടെയൊക്കെ ഉണ്ടോ, അവിടെയൊക്കെ ദൈവീകകൃപകളും അനുഗ്രഹങ്ങളും ഉണ്ടാകും. ബന്ധങ്ങളെ വളർത്താനും തളർത്താനും സമർപ്പണങ്ങൾക്ക് സാധിക്കും. ഒരുവൻ തന്നെ സഹായിച്ചാൽ അത് ശിലയിൽ തന്നെ കൊത്തണം. തന്നെ സഹായിച്ചവന് ഇനിയും ഒരുപാട് പേരെ സഹായിക്കാൻ അത് പ്രചോദനമാകും. ഒരിക്കൽ കൈ താങ്ങിയവനെ മറക്കുന്നവൻ, അവനോടു പോരിടുന്നവൻ ഈ ലോകത്തിലെ ഏറ്റവും വലിയ നികൃഷ്ട്ട ജന്മമാണ്. അവന്റെ താല്ക്കാലികമായ എല്ലാ നേട്ടങ്ങളും അല്പ്പായുസ്സുമായിരിക്കും.

ക്രിസ്തു പറയുന്നു, "നല്ല നിലത്തു വീണ വിത്ത് നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി" (മത്താ 13,8). എങ്കിൽ, സമർപ്പണം വിശുദ്ധമാണെങ്കിൽ നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകാൻ സാധിക്കും. മറിയത്തിന്റെ ജീവിതത്തിൽ സംഭവിച്ചതും ഇത് തന്നെയാണ്. സമർപ്പണം വിശുദ്ധമായിരുന്നു. അതുകൊണ്ട് തന്നെ ദൈവികപദ്ധതിക്ക് മുമ്പിൽ ശിരസ് നമിച്ച്, "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38) എന്നു പറഞ്ഞ് ശിരസ് നമിച്ചു. "മറിയം പറഞ്ഞു: ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38).

"ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ! ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി" (ലൂക്കാ 1,28-29). ദൈവവചനം കേൾക്കുന്ന മറിയം അസ്വസ്ഥയാകുന്നു. ഇതിൽ അൽഭുതപെടേണ്ട കാര്യമിരിക്കുന്നില്ല. കാരണം, വചനം കേൾക്കുന്ന എല്ലാവർക്കും സംഭവിക്കുന്ന ഒന്നാണിത്. വചനം സാക്ഷ്യപ്പെടുത്തുന്നു, " ദൈവത്തിൻെറ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൻെറ

വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്. അവന്‍റെ മുന്‍പില്‍ ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ കണ്‍മുന്‍പില്‍ സകലതും അനാവൃതവും വ്യക്തവുമാണ്" (ഹെബ്രാ 4,12-13). എങ്കില്‍, ദൈവത്തിന്‍റെ വചനം കേള്‍ക്കുന്നവര്‍ ഭയപ്പെടേണ്ടിയിരിക്കുന്നു.

വിഗ്രന്ഥത്തില്‍ ആരുടെയെല്ലാം അടുത്തേയ്ക്ക് വചനം കടന്നു വന്നിട്ടുണ്ടോ അവരിലൊക്കെ ഈ ഭയപ്പാട് സംഭവിച്ചിട്ടുണ്ട്. "ദൈവം തുടര്‍ന്നു: ഞാന്‍ നിന്‍റെ പിതാക്കന്‍മാരുടെ ദൈവമാണ്; അബ്രാഹത്തിന്‍റെയും ഇസഹാക്കിന്‍റെയും യാക്കോബിന്‍റെയും ദൈവം. മോശ മുഖം മറച്ചു. ദൈവത്തിന്‍റെ നേരേ നോക്കുവാന്‍ അവനു ഭയമായിരുന്നു" (പുറ 3,6). ഇനിയുമുണ്ട് ഒരുപാട് ഉദാഹരണങ്ങള്‍. ദൈവത്തിന്‍റെ അരുളപ്പാടില്‍ സര്‍വ്വതും ഉപേക്ഷിച്ച് യാത്രായ അബ്രാഹം. സജ്ജീവവും ഊര്‍ജ്ജസ്വലവുമായ വചനം കേട്ട് നിദ്രയില്‍ നിന്നുണര്‍ന്ന് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന സാമുവല്‍ പ്രവാചകന്‍. ദൈവവചനത്തിന് മുന്നില്‍ ഞാന്‍ അശുദ്ധനാണ് എന്ന് വിളിച്ച് പറയുന്ന ഏശയ്യ പ്രവാചകന്‍. ലിസ്റ്റ് നീളുകയാണ്. എങ്കില്‍, ദൈവത്തിന്‍റെ വചനം കേട്ട് മറിയം അസ്വസ്ഥയാകുന്നുണ്ടെങ്കില്‍ അതില്‍ ഭയപ്പെടേണ്ട കാര്യമില്ല!

ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്ന് തിരിച്ചറിയുന്ന മറിയം ചെയ്യുന്നത് സമ്പൂര്‍ണ്ണ സമര്‍പ്പണമാണ്. "ദൂതന്‍ അവളോട് പറഞ്ഞു; ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു: ഇതാ, കര്‍ത്താവിന്‍റെ ദാസി! നിന്‍റെ വാക്ക് എന്നില്‍ നിറവേറട്ടെ!" (ലൂക്കാ 1,37-38). ഇന്ന്, പലപ്പോഴും നാം ഈ സമ്പൂര്‍ണ്ണ സമര്‍പ്പണത്തിലേയ്ക്ക് വളരുന്നില്ല എന്നുണ്ടെങ്കില്‍ അതിനുള്ള കാരണം, "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്നുള്ള തിരിച്ചറിവിലേയ്ക്ക് വളരുവാന്‍ നമുക്ക് സാധിക്കാത്തത് കൊണ്ടാണ്!" ജീവിതം ഇരുള് നിറഞ്ഞതായി തോന്നുന്നുണ്ടെങ്കില്‍ ചെയ്യേണ്ടത്, ക്രിസ്തുവിന് മുമ്പില്‍ വിനയത്തോടെ, വിധേയത്തത്തോടെ ശിരസ് നമിക്കുക. ക്രിസ്തുവിനെ കൂടെയിരുത്തുക.

മനുഷ്യന് ലഭിക്കാവുന്ന വലിയ ഭാഗ്യം ദൈവത്തെ വഹിക്കുന്നവരാവുക എന്നതാണ്. എന്നിട്ടും, ഈ ഭാഗ്യത്തെ (വി.കുര്‍ബ്ബാന) വേണ്ടയെന്ന് വയ്ക്കുന്നവരാണ് മനുഷ്യമക്കള്‍!

"ഇനി ഞാനല്ല,
ക്രിസ്തു എന്നില്‍ ജീവിക്കുന്നു!"

ഫാ. ജോബി മേനോത്ത്
+91 944 7777 931